# അദ്ധ്യായം - 4



ഋഷിമാരുടെ പ്രവർത്തനങ്ങൾ - ഷിർദ്ദി ഒരു പുണ്യ തീർത്ഥം - സായിബാബയുടെ വ്യക്തിവൈഭവം - ഗൗലീബു വവചനം - വിറ്റൽ ദർശനം - ക്ഷീരസാഗരന്റെ കഥ - ദാസ്ഗനു വിന്റെ പ്രയാഗസ്നാനം - സായിബാബയുടെ അതുല്യ തത്വ ങ്ങളും ഷിർദ്ദിയിലേക്കുള്ള ആദ്യ സന്ദർശനവും - മൂന്നു വാഡ കൾ (സത്രങ്ങൾ)

കഴിഞ്ഞ അദ്ധ്യായത്തിൽ സായിസച്ചരിതം എഴുതാൻ ഇട വരുത്തിയ ചുറ്റുപാടുകളെ കുറിച്ച് ഞാൻ വിശദീകരിച്ചു. ഇപ്പോൾ സായിബാബ ഷിർദ്ദിയിലേക്ക് ആദ്യമായി വന്നതിനെക്കുറിച്ച് പറ യാം.

**ഋഷിമാരുടെ പ്രവർത്തനങ്ങൾ**

ഭഗവാൻ ശ്രീകൃഷ്ണൻ ഭഗവത്ഗീത 4-ാം അദ്ധ്യായം 7,8 ശ്ലോകങ്ങളിൽ ഇപ്രകാരം പറഞ്ഞു: “യദാ യദാഹി ധർമ്മസ്യ ഗ്ലാനിർഭവതി ഭാരത! അഭ്യുത്ഥാനമധർമ്മസ്യ തദാത്മാനം സൃജാ മ്യഹം! പവിത്രാണായ സാധൂനാം വിനാശായ ച ദുഷ്കൃതാം ധർമ്മസംസ്ഥാപനാർത്ഥായ സംഭവാമി യുഗേ യുഗേ”. അതാ യത് ധർമ്മഭ്രംശം വന്ന് അധർമ്മം തലപ്പൊക്കുമ്പോൾ ഞാൻ





സംജാതനായി ദുഷ്കൃതന്മാരെ നശിപ്പിച്ച് സാധുസംരക്ഷണം ചെയ്ത് ധർമ്മം പുനസ്ഥാപിക്കുന്നു എന്നർത്ഥം. ഇതുതന്നെ യാണ് ഭഗവാന്റെയും ഋഷിമാരുടെയും സ്ഥിതപ്രജ്ഞരുടെയും പ്രവർത്തന പദ്ധതി. അവർ അനുയോജ്യമായ സ്ഥലകാലങ്ങ ളിൽ അവതരിച്ച് അവരുടെ പ്രവൃത്തി നടത്തി പോകുന്നു. ഉദാ ഹരണമായി ദ്വിജന്മാരായ ഹീനന്മാർ ആ സ്ഥാനം കരസ്ഥമാ ക്കുകയും, ആദ്ധ്യാത്മിക ഗുരുക്കന്മാർ അവഹേളിക്കപ്പെടുകയും, മതപരമായ കാര്യങ്ങളിൽ ആരും ശ്രദ്ധിക്കാതിരിക്കുകയും, എല്ലാ വരും ഞാൻ പണ്ഡിതനാണെന്ന് സ്വയമേവ ഭവിക്കുകയും, ജന ങ്ങൾ വർജ്യങ്ങളായ ഭക്ഷണങ്ങളും ലഹരിവസ്തുക്കളും ഉപ യോഗിക്കുകയും, മതത്തിന്റെ പേരിൽ ദുഷ്ടപ്രവൃത്തികൾ നട ത്തുകയും, വ്യത്യസ്ത മതവിഭാഗങ്ങൾ അന്യോന്യം കലഹിച്ച് നശിക്കുകയും, ബ്രാഹ്മണർ സന്ധ്യ ആചരിക്കാതിരിക്കുകയും മറ്റുള്ളവർ മതപരമായ ചടങ്ങുകൾ ശ്രദ്ധിക്കാതിരിക്കുകയും ചെയ്യുമ്പോഴും, യോഗികൾ ധ്യാനം ഉപേക്ഷിക്കുകയും ജനങ്ങൾ ധനം, സന്താനം, പത്നി എന്നിവ മാത്രമാണ് വലുതെന്ന് ധരിച്ച് ആദ്ധ്യാത്മിക മാർഗ്ഗത്തിൽ നിന്ന് വ്യതിചലിക്കുകയും ചെയ്യു മ്പോഴും, ഋഷിമാർ പ്രത്യക്ഷീഭൂതരായി സംഗതികൾ ശരിപ്പെടുത്തുവാനായി അവരുടെ മഹത്തായ ലീലകൾ കാണിച്ചു തരുന്നു. അവർ ഒരു ദീപസ്തംഭം പോലെ നേർവഴി കാണിച്ചു തരുന്നു. ഇത്തരത്തിൽ പ്രത്യക്ഷീഭൂതരായ ഋഷിമാരാണ്, നിവൃ ത്തി, ജ്ഞാനദേവ്, മുക്താഭായ്, നാമദേവ്, ഗോര, ഗോണായി, ഏകനാഥ്, തുക്കാറാം, നരഹരി, നാർസിബായ്, സാജൻകസാ യ്, സവത, രാമദാസ് മുതലായവർ ഇവർ പലസ്ഥലങ്ങളിലും കാലങ്ങളിലും പ്രത്യക്ഷപ്പെട്ട് ലോകർക്ക് ശരിയായ മാർഗ്ഗം കാണിച്ചു കൊടുത്തു. ഒടുവിൽ ഷിർദ്ദിയിൽ ഇതാ സായി ബാബയായി പ്രത്യക്ഷീഭൂതനായിരിക്കുന്നു.

## ഷിർദ്ദി - ഒരു പുണ്യ തീർത്ഥം

അഹമദ്നഗർ ജില്ലയിലെ ഗോദാവരി തടങ്ങൾ അനവധി മഹാത്മാക്കൾക്ക് ജന്മവും താവളവും കൊടുത്ത സ്ഥലമാണ്. അവരിൽ അഗ്രഗണ്യൻ ജ്ഞാനേശ്വരനായിരുന്നു. ഷിർദ്ദി, അഹമ്മദ്നഗർ ജില്ലയിലെ കോപ്പർ ഗാവോനിൽ നിന്ന് ഗോദാവരി നദി കടന്നാൽ ഷിർദ്ദിയിലേക്കുള്ള വഴിയാണ് അങ്ങിനെ 9 നാഴിക നടന്നാൽ നിമഗാവോനിലെത്തും. അവിടെ നിന്ന് നോക്കിയാൽ ഷിർദ്ദി കാണാവുന്നതാണ്. ഗംഗാപൂർ, നരസിംഹവാഡി, ഔദുംബർ എന്നീ പ്രദേശങ്ങൾ പോലെതന്നെ ഷിർദ്ദിയും പ്രശസ്തമാണ്. മഹാത്മാവായ ദാമാജി, പന്ഥർപൂരിനടുത്ത് മംഗൾവേധത്തിലെന്നപോലെയും, സമർത്ഥരാമദാസ്, സജ്ജൻഗഡിലെന്നപോലെയും ശ്രീ നരസിംഹസരസ്വതി നർസോ ബാച്ചിവാഡിയിലെന്നപോലെയും ശ്രീ സായിനാഥൻ ഷിർദ്ദിയിൽ കുടികൊണ്ട് ആ പ്രദേശത്തെ പരിപാവനമാക്കി.

## സായിബാബയുടെ വ്യക്തിവൈഭവം

സായിബാബ കാരണത്താലാണ് ഷിർദ്ദി പ്രധാനമായിത്തീർന്നത്, ബാബയുടെ വ്യ.ക്തിത്വം എപ്രകാരമാണെന്ന് നോക്കാം. ബാബ ദുഷ്ക്കരവും, ദുസ്തരവുമായ സംസാരത്തെ കീഴടക്കിയിരുന്നു. നിത്യശാന്തത ബാബയുടെ അലങ്കാരണവും അപാരജ്ഞാനം ബാബയുടെ കൈമുതലുമാണ്. വൈഷണവ ഭക്തന്മാരുടെ ആസ്ഥാനമാണ് ബാബ. ദാതാക്കളിൽ ദാതാവാണ് (കർണ്ണനെപ്പോലെ) ബാബ. തത്വങ്ങളുടെ രത്നചുരുക്കമാണ് ബാബ. ക്ഷണികവസ്തുക്കളിൽ യാതൊരു താൽപര്യവുമില്ലാതെ ബാബ ആത്മവിജ്ഞാനത്തിൽ സദാ മുഴുകിയിരിക്കും. ഇഹത്തിലും പരത്തിലും ഉള്ള ഭോഗ്യങ്ങളിൽ വിരക്തനാണ്. ബാബയുടെ അന്തരംഗം കണ്ണാടിപോലെ നിർമ്മലവും വാക്കുകൾ അമൃതധാരകളുമായിരുന്നു. ധനികനും ദരിദ്രനും ബാബക്ക് വ്യത്യാ

സമില്ലായിരുന്നു. ബാബ പ്രശസ്തിക്ക് ആഗ്രഹിക്കുകയോ ദുഷ്പേരിനെ ഭയപ്പെടുകയോ ചെയ്തിരുന്നില്ല. സമസ്ത ജീവ ജാലങ്ങളുടെയും നാഥനായിരുന്നു സായിബാബ. ബാബ എല്ലാ വരുമായി ഇടപെടുകയും സംസാരിക്കുകയും ചെയ്തിരുന്നതി നുപുറമെ തെരുക്കൂത്തുകളും ദേവദാസി നൃത്തങ്ങൾപോലും കാണുകയും നാടൻ ഗജ്ജൽ സംഗീതം കേൾക്കുകപോലും ചെയ്തിരുന്നു. എന്നാലും സമാധിസ്ഥസ്ഥിതിയിൽ നിന്ന് ബാബ ഒരിഞ്ചുപോലും വ്യതിചലിച്ചിരുന്നില്ല. അല്ലാഹു എന്ന പദം എപ്പോഴും ഉരുവിട്ടിരുന്നു. യാനീശാ സർവ്വഭൂതാനാം തസ്യാം ജാഗർത്തി സംയമി എന്നത് ബാബയുടെ കാര്യത്തിൽ തികച്ചും ശരിയായിരുന്നു. ലോകത്തിന് താല്പര്യമുള്ളതിൽ ബാബ തികച്ചും നിസ്സംഗനായിരുന്നു. ബാബയുടെ ജഠരം ആഴക്കടൽ പോലെ ശാന്തമായിരുന്നു. ബാബയുടെ ആശ്രമമേതെന്നും ക്രീഡ കൾ എന്തെന്നും പറയാനാവില്ലെങ്കിലും ബാബ എവിടെയായി രുന്നാലും ലോകത്തിൽ നടക്കുന്നതെന്തും അറിഞ്ഞുകൊണ്ടി രുന്നു. ബാബയുടെ ഡർബാർ ഗംഭീരമായിരുന്നു. ബാബ ദിനം പ്രതി നൂറുകണക്കിന് കഥകൾ പറഞ്ഞിരുന്നുവെങ്കിലും മൗന വ്രതത്തിൽ നിന്ന് ഒട്ടും വ്യതിചലിച്ചിരുന്നില്ല. ബാബ മസ്ജി ദിന്റെ ചുമരുചാരിനിൽക്കുകയും രാവിലെയും ഉച്ചക്കും വൈക ന്നേരവും ലെണ്ടിയിലെക്കും ചാവടിയിലേക്കും നടക്കുകയും ചെയ്തിരുന്നു. എങ്കിലും ആത്മാവിൽ ബാബ സ്ഥിര പ്രതിഷ്ഠ നായിരുന്നു. സിദ്ധനെങ്കിലും സാധകനെപ്പോലെ പെരുമാറിയി രുന്നു. ബാബ എളിയവനും അഹംഭാവഹീനനുമായി പെരുമാ റി. എല്ലാവരെയും സന്തോഷിപ്പിച്ചു. അതായിരുന്നു സായിബാ ബ. ബാബയുടെ പാദധൂളികളേറ്റ് ഷിർദ്ദി പരിപാവനമായി. ജ്ഞാനേശ്വർ അളന്ദിയും ഏകനാഥ് പൈഥനും ഉദ്ധരിച്ചപോലെ സായിബാബ ഷിർദ്ദിയെ ഉദ്ധരിച്ചു. ഷിർദ്ദിയിലെ പുല്ലുകളും കല്ലു കളും അനുഗ്രഹീതങ്ങളാണ്. കാരണം അവക്ക് സായിബാബ

യുടെ പാദങ്ങൾ ചുംബിച്ച് പാദരേണുക്കൾ ശിരസാവഹിക്കാൻ കഴിഞ്ഞിരുന്നുവല്ലോ. ഭക്തൻമാർക്ക് ഷിർദ്ദി മറ്റൊരു പന്ധർപൂർ, ജഗന്നാഥ്, ദ്വാരക, കാശി, രാമേശ്വരം, ബദ്രി, കേദാർ, നാസിക്ക്, ത്രംബകേശ്വർ, ഉജ്ജൈൻ, മഹാകലേശ്വർ, അഥവാ മഹാബലേ ശ്വർ, ഗോകർണ്ണം ഇതൊക്കെയായി. ഷിർദ്ദിയിൽ ബാബയെ സന്ദർശിക്കൽ നമ്മുടെ വേദവും തന്ത്രവും ആയി. അത് സംസാ രദുഃഖം തീർത്ത് ആത്മജ്ഞാനത്തിലേക്ക് നയിച്ചു. സായിദർശനം നമ്മുടെ യോഗസാധനയായി. ബാബയോടുള്ള സംഭാഷണം പാപമോചനമാർഗ്ഗമായി. ബാബയുടെ പാദസേവ ത്രിവേണി പ്ര യാഗിലെ സ്നാനത്തിനു തുല്യമായി. പാദതീർത്ഥസേവ ആശാ നാശകരവുമായി. ബാബയുടെ കല്പന വേദവും ബാബയുടെ ഉധി ഭക്ഷിക്കൽ പ്രസാദവും പരിശുദ്ധമാക്കുന്നതുമായിത്തീർന്നു. ബാബ നമ്മുടെ ശ്രീകൃഷ്ണനും ശ്രീരാമനും പരബ്രഹ്മവും ആണ്. ബാബ ദ്വന്ദഹീനനാണ്. സന്തോഷമോ, സന്താപമോ ബാബക്കില്ല. ബാബ ആത്മാവിൽ സ്ഥിതി, ജ്ഞാനം, ആനന്ദം എന്ന നിലയിൽ സദാ നിലകൊണ്ടു. ഷിർദ്ദി സായിബാബയുടെ കേന്ദ്രസ്ഥാനമായിരുന്നെങ്കിലും ബാബയുടെ ലീലകൾ ദൂരദേശ ങ്ങളായ പഞ്ചാബ്, കൽക്കത്ത, ഉത്തരേന്ത്യ, ഗുജറാത്ത്, ഡക്കാൻ, കർണ്ണാടക എന്നിവിടങ്ങളിലെല്ലാം കാണപ്പെട്ടു. ഇങ്ങിനെ സായി ബാബയുടെ പ്രശസ്തി നാനാഭാഗത്തും പരന്ന് എല്ലാ പ്രദേശ ക്കാരും ബാബയുടെ ദർശനത്തിനും അനുഗ്രഹത്തിനുമായി വന്നുകൊണ്ടിരുന്നു. ദർശനമാത്രയിൽ തന്നെ ശുദ്ധഹൃദയനും ദുഷ്ടഹൃദയനും ശാന്തിയെ പ്രാപിച്ചു. പന്ധർപൂരിൽ വിറ്റൽ ര ഘുമായിയെ ദർശിച്ച അതേ ആനന്ദം അവർക്ക് ഇവിടെയും കിട്ടികൊണ്ടിരുന്നു. ഇതൊരു വലുതാക്കി പറയലല്ല. ഒരു ഭക്തൻ ഇക്കാര്യത്തെ പറ്റി പറയുന്നതു നോക്കുക.

## ഗൗലീഭുവ വചനം

ഗൗലീഭുവനെന്നു പേരായ 95-ഓളം വയസ്സു ചെന്നൊരു ഭക്തൻ പന്ഥർപൂരിലെ പൂജാരിയായിരുന്നു. അദ്ദേഹം 8 മാസം പന്ധർപൂരിലും 4 മാസം അതായത് ആഷാഢം മുതൽ കാർത്തിക വരെ (ജൂലായ് - നവംബർ) ഗംഗാതീരത്തും താമസിച്ചു. അദ്ദേഹത്തിന്റെ സാമാനങ്ങൾ ചുമക്കാൻ ഒരു കഴുതയും തുണക്ക് ഒരു ശിഷ്യനുമുണ്ടായിരിക്കും. എല്ലാ കൊല്ലവും അദ്ദേഹം പന്ഥർപൂരിലേക്ക് പോവുമ്പോൾ സായിബാബയെ കാണാൻ ഷിർദ്ദിയിൽ വരുക പതിവായിരുന്നു. അദ്ദേഹത്തിന് ബാബയെ വലിയ സ്നേഹമായിരുന്നു. അദ്ദേഹം ബാബയെ തന്നെ നോക്കി പറയും ഇത് സാധൂരക്ഷകനും അസഹായ സഹായകനുമായ പണ്ഡരിനാഥവിറ്റൽ അവതരിച്ചതാണ് എന്ന് എത്രയോ തവണ പന്ഥരിയിൽപോയ ഈ ഗൗലീഭൂവൻ തീർത്തു പറയുകയാണ്. സായിബാബ വിറ്റൽ ആണെന്ന്!

## വിത്തൽ ദർശനം

സായിബാബക്ക് ദൈവനാമങ്ങൾ സ്മരിക്കുന്നതിലും പാടുന്നതിലും വലിയ ഇഷ്ടമായിരുന്നു. ബാബ സദാ അള്ളാമാലിക്ക് എന്നു പറയുമായിരുന്നു. മറ്റുള്ളവരെക്കൊണ്ട് അഖണ്ഠമായി ഏഴുദിനരാത്രങ്ങൾ സപ്താഹരൂപേണ നാമജപം നടത്തിക്കുകയും ചെയ്യുമായിരുന്നു. ഇതിന് നാമസപ്താഹമെന്നു പറയും. ഒരിക്കൽ ബാബ ദാസ്ഗനു മഹരാജിനോട് നാമസപ്താഹം നടത്താൻ പറഞ്ഞു. ദാസ്ഗനു അതിന്ന് ഏഴാം ദിവസം കാലം കുടുമ്പോൾ വിറ്റൽ ദർശനം കിട്ടുന്ന പക്ഷം നാമസപ്താഹം നടത്താമെന്ന് മറുപടിയും പറഞ്ഞു. ബാബ അതിന് പറഞ്ഞ മറുപടി വിറ്റൽ തീർച്ചയായും വരും. പക്ഷെ ഭക്തൻ ഉദ്ദേശശുദ്ധിയുള്ളവനും ഉൽസുകനുമായിരിക്കണമെന്നു മാത്രം എന്നാണ്.

അയാളുടെ തലയിൽ കൈവെച്ച് ബാബ വീണ്ടും പറഞ്ഞു. ഡാകുർനാഥിന്റെ ഡങ്കാപുരിയും, വിറ്റലിന്റെ പണ്ഡരിയും, കൃഷ്ണന്റെ (റൺചോഡിന്റെ) ദ്വാരകയും ഇവിടെ ഷിർദ്ദിയിൽ തന്നെയാണ്. ഒരാൾ ദൂര ദേശത്തേക്കുപോയി ദ്വാരക കാണേണ്ട തില്ല. വിറ്റൽ വിദൂരത്തു നിന്ന് വരേണ്ടതുമില്ല. ബാബ ഇവിടെ യാണ്. ഭക്തിപൂർണ്ണമായ മനസ്സോടു കൂടെ ഭക്തൻ പാടുമ്പോൾ വിറ്റൽ ഇവിടെ വെച്ചു രൂപം കൊള്ളുന്നു. ഈ ഷിർദ്ദിയിൽ വെച്ചു തന്നെ. സപ്താഹാവസാനം വിറ്റൽ താഴെ വിവരിച്ച പ്രകാരം പ്രത്യക്ഷപ്പെട്ടു. കാക്കാസാഹെബ് ദീക്ഷിതിന്ന് ധ്യാനത്തിലിരി ക്കുമ്പോൾ വിറ്റൽ ദർശനം ഉണ്ടായി. പിന്നീട് ബാബയെ കണ്ട പ്പോൾ ബാബ വെട്ടിതുറന്ന് ചോദിച്ചു വിറ്റൽ പട്ടേൽ വന്നില്ലേ? നീ കണ്ടില്ലേ? വളരെ കുസൃതിക്കാരനാണ്. ബലമായി പിടിച്ചോ, അല്ലെങ്കിൽ രക്ഷപ്പെട്ടുപോവും. അശ്രദ്ധ ഒരിക്കലും കാണിക്ക രുത് ഇത് കാലത്താണ് സംഭവിച്ചത്. ഉച്ചക്ക് മറ്റൊരു വിറ്റൽ ദർശനം കൂടി ഉണ്ടായി. ഒരു തെരുവു കച്ചവടക്കാരൻ വിറ്റലിന്റെ പത്തുമുപ്പതു പടങ്ങൾ വിൽക്കാൻ വന്നു. ഈ ചിത്രങ്ങൾ കാക്കാ സാഹെബിനുണ്ടായ ദർശനത്തിൽ കണ്ടപോലെ തന്നെയുണ്ടാ യിരുന്നു. ഇത് കണ്ട് ബാബയുടെ വാക്കുകൾ ഓർമ്മിച്ച് കാക്കാ സാഹെബ് അത്യധികം സന്തുഷ്ടനായി. ഒരു പടം അതിൽ നിന്ന് വാങ്ങി അദ്ദേഹം പൂജാ മുറിയിൽ വെച്ചു.

## ഭഗവന്ത് ക്ഷീരസാഗറിന്റെ കഥ

ബാബക്ക് വിറ്റൽ ആരാധന എത്രമാത്രം ഇഷ്ടമായിരു ന്നുവെന്ന് താഴെ വിവരിക്കുന്ന കഥകൊണ്ട് തെളിയുന്നതാണ്. ഭഗവന്ത്റാവുവിന്റെ അച്ഛൻ വിറ്റോബ ഭക്തനായിരുന്നതിനാൽ കൊല്ലം തോറും പണ്ഡർപൂരിൽപോയി ദർശനം ചെയ്തിരുന്നു. അദ്ദേഹം വിറ്റോബയുടെ ഒരു വിഗ്രഹം വീട്ടിൽവെച്ചും പൂജിച്ചി രുന്നു. അദ്ദേഹത്തിന്റെ മരണശേഷം മകൻ, പണ്ഡർപൂർയാ

ത്രയും വിഗ്രഹപൂജയും ശ്രാദ്ധവും എല്ലാം നിർത്തിവെച്ചു. ഭഗ വന്ത്റാവു ഷിർദ്ദിയിൽ വന്നപ്പോൾ ബാബ അയാളുടെ പിതാ വിനെ ഓർമ്മിച്ച് ഇപ്രകാരം പറഞ്ഞു. ഇവന്റെ അച്ഛൻ എന്നെ സ്നേഹിച്ചിരുന്നു. അതുകൊണ്ടാണ് മകനെ ഞാനിങ്ങോട്ടു വലി ച്ചുകൊണ്ടുവന്നത്. ഇവൻ നൈവേദ്യം കൊടുക്കാതെ എന്നെയും വിറ്റലിനെയും പട്ടിണിക്കിട്ടവനാണ്. അതുകൊണ്ട് ഞാനവനെ ഇവിടെ വരുത്തിയതാണ്. അവനെ പശ്ചാത്തപിപ്പിച്ച് ആരാധന യിലേക്കു ഞാൻ തിരിച്ചുകൊണ്ടു പോകും.

## ദാസ്ഗനുവിന്റെ പ്രയാഗസ്നാനം

ഹിന്ദു വിശ്വാസ പ്രകാരം ഗംഗാ യമുനാ സംഗമസ്ഥാന മായ പ്രയാഗിലെ സ്നാനം വളരെ പുണ്യവത്താണെന്നുള്ളതു കൊണ്ട് ആയിരക്കണക്കിൽ ഭക്തന്മാർ പല അവസരങ്ങളിലും ഇവിടെ സ്നാനത്തിനു പോകുന്നു. ഒരിക്കൽ ദാസ്ഗനുവിന്നു പ്രയാഗ്സ്നാനത്തിനു പോകണമെന്നു തോന്നി. ബാബയോട് അനുമതി ചോദിക്കാൻ ചെന്നു. ബാബ ഇപ്രകാരം മറുപടി പറ ഞ്ഞു. അത്ര ദൂരേക്കൊന്നും പോകേണ്ടതില്ല. നമ്മുടെ പ്രയാഗ് ഇവിടെതന്നെയാണ്. എന്നെ വിശ്വസിക്കുക അപ്പോൾ കണ്ട അതിശയം അവർണ്ണനീയമായിരുന്നു. ദാസ്ഗനു ബാബയുടെ പാദത്തിൽ തലവെച്ചപ്പോൾ ബാബയുടെ രണ്ടു കാലിന്റെയും തള്ളവിരലുകളിൽ നിന്നു ശക്തിയായി ഗംഗാ യമുനാ തീർത്ഥ ങ്ങൾ ഒഴുകാൻ തുടങ്ങി. ഈ ലീല കണ്ട് ദാസ്ഗനു ഭക്തി പരവശനായി രണ്ടു കണ്ണിൽക്കൂടെയും കണ്ണീരൊഴുക്കി. അയാൾക്ക് ആന്തരിക പ്രചോദനം വന്നു. ഒരു മധുര സംഗീതം വഴി ബാബയെ സ്തുതിച്ചു.

## സായിബാബയുടെ അതുല്യ തത്വങ്ങളും ഷിർദ്ദിയിലേക്കുള്ള ആദ്യ സന്ദർശനവും

സായിബാബയുടെ മാതാപിതാക്കളെപ്പറ്റിയോ, ജനനത്തെ




പ്പറ്റിയോ, ജനനസ്ഥലത്തെപ്പറ്റിയോ, ആർക്കും ഒന്നും അറിയി ല്ല. പല അന്വേഷണങ്ങളും നടത്തിയിട്ടും ബാബയോട് പലത വണ ചോദിച്ചിട്ടും തൃപ്തികരമായ ഒരു വിവരവും ലഭിച്ചിട്ടുമി ല്ല. നമുക്ക് യഥാർത്ഥത്തിൽ ഈ വക കാര്യങ്ങളെപ്പറ്റി ഒന്നും അറിയില്ല. നാമദേവും കബീറും സാധാരണ മനുഷ്യരെപ്പോലെ ജനിച്ചവരല്ല. അവരെ ശിശുക്കളെന്ന നിലക്ക് കണ്ടെത്തിയതാ ണ്. നാമദേവിനെ ഗോണായി ഭീമാരതി നദിയിൽ നിന്നെടുത്തു. കബീറിനെ തമൽ എന്നവർ ഭാഗീരഥി നദിയിൽ നിന്നും കണ്ടെ ടുത്തു. അതുപോലെ തന്നെയാണ് സായിബാബയുടെ ചരിത്രം. ബാബ ആദ്യം ഏകദേശം പതിനാറു വയസ്സുള്ള ഒരു ബാലന്റെ രൂപത്തിൽ ഭക്തന്മാർക്കുവേണ്ടി ഷിർദ്ദിയിലെ ഒരു വേപ്പുമരച്ചു വട്ടിൽ ആവിർഭവിച്ചു. അന്നും സായിബാബയിൽ ബ്രഹ്മ ജ്ഞാനം നിറഞ്ഞൊഴുകിയിരുന്നു. സ്വപ്നത്തിൽപോലും ലൗകി കങ്ങളിൽ തല്പരനായിരുന്നില്ല. ബാബ മായയെ തട്ടിക്കളഞ്ഞു. മുക്തി ബാബക്ക് പാദസേവ ചെയ്തിരുന്നു. നാനാചോപ്ദാറിന്റെ വൃദ്ധമാതാവ് ബാബയെപ്പറ്റി ഇപ്രകാരം പറഞ്ഞു. ഈ സുമു ഖനും മിടുക്കനുമായ ബാലനെ ആദ്യം ഒരു വേപ്പുമരച്ചുവട്ടിൽ ഇരിക്കുന്നതായിട്ടാണ് കണ്ടത്. ഷിർദ്ദിയിലുള്ളവർ ഇത്ര ചെറിയ ഒരു ബാലൻ ചൂടും തണുപ്പും വകവെക്കാതെ തപസ്സുചെയ്യുന്നത് കണ്ട് അതിശയിച്ചു. പകൽ സമയം ബാലൻ ആരോടും ഇടപഴ കിയില്ല. രാത്രി ആരേയും ഭയപ്പെട്ടില്ല. ജനങ്ങൾ ഈ ബാലൻ എവിടെനിന്നു വന്നുവെന്ന് അതിശയിച്ചു. അതിസുന്ദരനായിരു ന്നതിനാൽ കാഴ്ചയിൽതന്നെ ബാലനെ എല്ലാവരും ഇഷ്ടപ്പെ ട്ടു. ബാബ ഒരു വീട്ടിലും പോയില്ല. സദാസമയവും വേപ്പുമരച്ചു വട്ടിൽതന്നെ ഇരിക്കും. പുറമേക്ക് വളരെ ചെറുതായി തോന്നു മെങ്കിലും ആന്തരികമായി ബാലൻ ഒരു മഹാത്മാവായിരുന്നു. നിസ്സംഗത്വത്തിന്റെ മൂർത്തീമൽഭാവമായിരുന്നു ബാലൻ. ഒരി ക്കൽ ഖണ്ഡോബയുടെ ആവേശം കയറിയ ഒരു ഭക്തനോട്

ജനങ്ങൾ ഇപ്രകാരം ചോദിച്ചു. ദേവാ ! ഈ ബാലൻ ഏതു പുണ്യാത്മാവിന്റെ പുത്രനാണ്, എവിടെ നിന്ന് വന്നതാണ്. ഖണ്ഡോബയുടെ കോമരം കയറിയ ആൾ ഒരു മൺവെട്ടി കൊണ്ടുവന്ന് ഒരു പ്രത്യേക സ്ഥലത്ത് കുഴിക്കാൻ പറഞ്ഞു. കുഴിച്ചുകൊണ്ടിരിക്കെ കുറെ ഇഷ്ടികകൾ കണ്ടു. പിന്നീട് ഒരു പരന്നശില കണ്ടു. ആ ശില നീക്കം ചെയ്തപ്പോൾ ഒരു എടനാഴിക കണ്ടു. അവിടെ നാലു മൺവിളക്കുകൾ കത്തിക്കൊണ്ടിരുന്നിരുന്നു. ഇടനാഴിക ഒരു മുറിയിലാണ് അവസാനിക്കുന്നത്. അത് പശുമുഖത്തിന്റെ ആകൃതിയിൽ നിർമ്മിച്ചിരുന്നു. അവിടെ മരപ്പലകകളും അതിൽ കണ്ഠാഭരണങ്ങളും ഉണ്ടായിരുന്നു. ഖണ്ഡോബ പറഞ്ഞു ഈ ബാലൻ ഇവിടെ ഇരുന്നു പന്ത്രണ്ടു വർഷം തപസ്സനുഷ്ഠിച്ചു. ജനങ്ങൾ ബാലനോടതിനെപ്പറ്റി ചോദിക്കാൻ തുടങ്ങി. ബാലൻ ശരിയായ ഉത്തരം പറയാതെ അതു തന്റെ ഗുരു സ്ഥാനമാണെന്നും പുണ്യസ്ഥലമാണെന്നും അത് വേണ്ടപോലെ പരിരക്ഷിക്കണമെന്നും പറഞ്ഞു. ജനങ്ങൾ എടനാഴിക മുന്നെപ്പോലെ അടച്ചു. അശ്വത്ഥവും ഔദംബരവും (അത്തിമരം) പുണ്യവൃക്ഷങ്ങളായി കരുതുന്നതുപോലെ വേപ്പുമരത്തെ ബാബ പുണ്യവൃക്ഷമായിക്കരുതി ബഹുമാനിച്ചുവന്നു. മാലസപതി മുതലായ ഷിർദ്ദിഭക്തന്മാർ ഈ സ്ഥലത്തെ ബാബയുടെ ഗുരുവിന്റെ സമാധി സ്ഥാനമായികരുതി അവിടെ സാഷ്ടാംഗം നമസ്ക്കരിക്കുന്നു.

## മൂന്നുവാഡകൾ (സത്രങ്ങൾ)

1) പ്രസ്തുത വേപ്പുമരം നിൽക്കുന്ന സ്ഥലവും പരിസരവും ഹരിവിനായക്ക് സാതേ എന്നയാൾ വാങ്ങി അവിടെ സതേ വാഡ എന്ന പേരിൽ ഒരു വലിയ സത്രം നിർമ്മിച്ചു. ഈ സത്രം മാത്രമായിരുന്നു ആദ്യകാലങ്ങളിൽ തീർത്ഥാടകർക്കുള്ള ഒരേ ഒരു താവളം. വേപ്പിന്നടുത്ത് ഒരു ഉയർന്ന തറ കെട്ടി അതിന്ന്

ഒതുക്കുകൾ നിർമ്മിച്ചു. ഭക്തന്മാർക്ക് ആ തറയിൽ വടക്കോട്ട് നോക്കിയിരിക്കാം. അവിടെ വ്യാഴാഴ്ചയും വെള്ളിയാഴ്ചയും വൈകുന്നേരം ചന്ദനത്തിരി മുതലായത് കത്തിക്കുന്നവർ സന്തുഷ്ടരാവുമെന്ന് വിശ്വസിച്ചുവരുന്നു. ഈ സത്രം പഴകി ദ്രവിക്കാൻ തുടങ്ങിയപ്പോൾ അറ്റകുറ്റപണികൾ വേണ്ടിവന്നു. ഇപ്പോൾ സൻസ്ഥാൻ വകയായി വേണ്ട പണികളും കൂട്ടിച്ചേർക്കലും പുതുക്കലും ചെയ്തുകഴിഞ്ഞിരിക്കുന്നു.

2) പിന്നീട് കുറെ കൊല്ലങ്ങൾക്കു ശേഷം തീക്ഷിത് വാഡ എന്ന ഒരു സത്രംകൂടി ഉണ്ടാക്കി. കാക്കാസാഹേബ് ദീക്ഷിത് എന്ന ബോംബെ സോളിസിറ്റർ ഇംഗ്ലണ്ടിൽപോയി. അവിടെവെച്ച് ഒര പകടത്തിൽ കാലിന് പരിക്കേറ്റു. എന്തുചെയ്തിട്ടും പരിക്കു മാറിയില്ല. നാനാസാഹേബ് ചാന്ദോർക്കർ അദ്ദേഹത്തോട് ബാബയെ കാണിക്കാൻ പറഞ്ഞു. അങ്ങനെ 1909 ൽ അദ്ദേഹം ബാബയെ കണ്ടു. പ്രാർത്ഥിച്ചത് മനസ്സിന്റെ നൊണ്ടൽ മാറ്റാനാണ്. കാലിന്റെ നൊണ്ടലിന്നല്ല. ബാബാ ദർശനത്താൽ സന്തുഷ്ടനായി അദ്ദേഹം ഷിർദ്ദിയിൽ താമസിക്കാൻ തീർച്ചപ്പെടുത്തി. അങ്ങിനെ സ്വന്തമാവശ്യത്തിന്നും ഭക്തന്മാരുടെ ഉപയോഗത്തിനുമായി ഒരു സത്രം തീർത്തു. ഇതിന്റെ ശിലാസ്ഥാപനം 10.12.1910 ന് നടന്നു. അന്നു രണ്ടു പ്രധാന സംഭവങ്ങൾ കൂടിയുണ്ടായി. 1. ദാദാസാഹെബ് കപർദ്ദിക്കു വീട്ടിൽ പോവാൻ അനുവാദം കിട്ടി. 2. ചാവഡിയിൽവെച്ച് രാത്രി ആരതി തുടങ്ങിവെച്ചു. 1911-ലെ രാമനവമിദിവസം സത്രം പണി തീർത്ത് ആൾ താമസം തുടങ്ങി.

3) മൂന്നാമതായി കോടീശ്വരനായ നാഗ്പൂരിലെ മിസ്റ്റർ ബൂട്ടി കൊട്ടാരസദൃശമായ ഒരു സത്രം കൂടി നിർമ്മിച്ചു. ലക്ഷകണക്കിൽ ഈ കെട്ടിട നിർമ്മാണത്തിന് പണം ചിലവാക്കിയത്, ബാബയുടെ സമാധിസ്ഥലമായി മാറി. ഈ സത്രത്തെ സമാധിമന്ദിരം എന്ന പേരിലറിയപ്പെടുന്നു. ഈ മന്ദിരം നിൽക്കുന്ന സ്ഥലം,

മുമ്പ് ബാബ നേരിട്ടു നട്ടുനനച്ചു വന്നിരുന്ന ഒരു പൂന്തോട്ട മായിരുന്നു. മുമ്പ് യാതൊന്നുമില്ലാതിരുന്ന സ്ഥലത്ത് ഇങ്ങിനെ മൂന്ന് സത്രങ്ങൾ ഉയർന്നു വന്നു. ഇതിൽ സതേവാഡയാണ് ആദ്യകാലങ്ങളിൽ ഏറ്റവും ഉപയുക്തമായിരുന്നത്.

വാമൻതാത്യയുടെ സഹായത്താൽ ബാബ നോക്കിവന്ന തോട്ടത്തിന്റെ കഥയും ബാബ ഷിർദ്ദിയിൽനിന്നു താല്ക്കാലിക മായി തിരോധനം ചെയ്തതും ചാന്ദ് പട്ടേലിന്റെ കല്യാണപാർട്ടി യൊന്നിച്ചു വീണ്ടും ബാബ ഷിർദ്ദിയിൽ വന്നതും ദേവീദാസ്, ജാനകിദാസ്, ഗംഗാഗീർ എന്നിവരുടെ സംസർഗ്ഗവും മൊയ്തീൻ താമ്പോളിയുമായി ബാബയുടെ ഗുസ്തിയും, പള്ളിയിലെ താമ സവും, ഡെങ്കാളി മുതലായ ഭക്തന്മാരുടെ പ്രേമവും മറ്റും സംഭ വങ്ങളും അടുത്ത അദ്ധ്യായത്തിൽ വിവരിക്കുന്നതാണ്.

ശ്രീ. സായിയെ നമിക്കുവിൻ - ലോകശാന്തി ഭവിക്കട്ടെ !